# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 1259** — **12.06.2014-** ൽ മറുപടിക്ക്

**മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ -ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. പി. ജയരാജൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) 14.07.2009 ലെ ജി.ഒ. (ആർ.ടി) നം. 1045/2009/പി.ഡബ്ല്യൂ.ഡി. ഉത്തരവു പ്രകാരം സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 240 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തി കരാർ പ്രകാരം പൂർത്തീകരിക്കേണ്ടത് എന്നാണ്; | (എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരമുള്ള കരാർ കാലാവധി 26.12.2011 ന് അവസാനിച്ചുവെങ്കിലും, പ്രവൃത്തി പൂർത്തിയാക്കുന്നതിലേക്കായി 31.03.2013 വരെ രണ്ട് പ്രാവശ്യമായി കാലാവധി നീട്ടിക്കൊടുത്തിരുന്നു. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) 6.247 കി.മി ആകെ നീളമുള്ള റോഡിന്റെ 3.23 കി.മി ഭാഗം ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന 3.017 കി.മി ഭാഗം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. |
| (സി) കരാർ ലംഘനം നടത്തിയിട്ടുള്ള കരാറുകാരനെതിരെഎന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; | (സി) വീഴ്ച വരുത്തിയ കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ (Risk & Cost) പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിരുന്നു. |
| (ഡി) കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കുവാൻ കോടതി നടപടികൾ തടസ്സമാണെങ്കിൽ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് യാത്രായോഗ്യമാക്കുന്നതിന് താൽക്കാലിക പരിഹാരം കാണുവാൻ അടിയന്തര നടപടി സ്വീകരിക്കുകയും അതിന് വർക്ക് ഷെഡ്യൂൾ തയ്യാറാക്കി നൽകുകയും യാത്രാ ക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുയും ചെയ്യുമോ; നടപടികൾ വ്യക്തമാക്കുമോ ? | (ഡി) നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്നും ഒഴിവാക്കിയതിനെതിരെ കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിക്കുകയുണ്ടായി. ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ നൽകിയിട്ടുണ്ട്. താൽക്കാലികമായി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ